# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6100 10.07.2012-ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ ക്ഷേമ പ്രൊമോട്ടർമാരുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ:<br>ശ്രീ. കെ. അച്ചുതൻ:<br>ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. റ്റി. എൻ. പ്രതാപൻ: | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷ ക്ഷേമ പ്രൊമോട്ടർമാരെ നിയമിക്കുന്നതിന് അനുമതി കൊടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവാന്മാരാക്കുന്നതിനായി 1000 ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും 1000 ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിക്കുന്നതിനുമുള്ള പദ്ധതിയ്ക്ക് 16/06/2012 -ലെ സ.ഉ. (സാധാ) നം. 5001/2012/പൊ.ഭ.വ പ്രകാരം ഭരണാനുമതി കൊടുത്തിട്ടുണ്ട്. |
| (ബി) ഇവരെ നിയമിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പത്താം ക്ലാസ്സ് വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കിയ പ്രായോഗിക പരിജ്ഞാനമുള്ളവരിൽ നിന്നും പത്ര പരസ്യം നൽകി അപേക്ഷ ക്ഷണിച്ച് ടെസ്റ്റ്/ഇന്റർവ്യൂ നടത്തിയാണ് പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പ്രൊമോട്ടർമാർക്ക് പ്രതിമാസം 4000/- രൂപ ഹോണറേറിയം നൽകുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ടവർ കുറഞ്ഞത് ആറുമാസകാലമെങ്കിലും പ്രൊമോട്ടർമാരായി സേവനം അനുഷ്ഠിക്കാമെന്നുള്ള ബോണ്ട് ഒപ്പുവയ്ക്കേണ്ടതാണ്. |
| (സി) ഇവർ പ്രവർത്തിക്കുന്നത് ആരുടെ നിയന്ത്രണത്തിലാണ്; വിശദമാക്കുമോ? | (സി) പ്രൊമോട്ടർമാർ ജില്ലാകളക്ടറേറ്റിലെ ന്യൂനപക്ഷ ക്ഷേമ സെല്ലിന്റെ മേൽനോട്ടത്തിലും മൈനോറിറ്റി വെൽഫയൽ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിലും നിരീക്ഷണത്തിലുമായി രിക്കും. |

സെക്ഷൻ ആഫീസർ.